(സി) വിവിധ ആവശ്യങ്ങൾക്കായി ഡയറക്ടറേറ്റിൽ എത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതുമൂലമുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹയർസെക്കന്ററി ഡയറക്ടറേറ്റ് രൂപീകരിച്ച ശേഷമുണ്ടായിട്ടുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരീക്ഷകളുടെയും വർദ്ധനവിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായ ഉദ്യോഗസ്ഥരെ തിരിച്ചയച്ച ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) നിലവിലുള്ള അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനും ഒഴിവുവരുന്ന തസ്തികകളിൽ നിയമനാനുസൃതം നിയമനം നടത്തുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മതിയായ ജീവനക്കാർ ഇല്ലാത്തതു കാരണം ദിവസവേതനക്കാരുടെ സേവനം ഉപയോഗിക്കാറുണ്ട്. 13-7-2015-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5289/2015/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. 13-7-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5289/2015/പൊ.ഭ.വ. പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ പാഠപുസ്തകവും പഠനസഹായിയും

41 (5110) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ രണ്ടാംവർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും പഠനസഹായിയും ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഠന സഹായി തയ്യാറാക്കാനുള്ള ശില്പശാലയ്ക്ക് എത്ര ചെലവ് ഇതുവരെ ഉണ്ടായിട്ടുണ്ട് ; ഒരു മോഡ്യൂളിന്റെ ആദ്യഭാഗം പോലും ഇതുവരെ അച്ചടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് ഉത്തരവാദികൾ ആരെന്നും എന്തു തുടർനടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) പൂജപ്പുരയിലെ ഓപ്പൺ സ്കൂൾ ആസ്ഥാനത്ത് ഗസ്റ്റ് ഹൗസും ടെയിനിംഗ് സെന്ററും ഉള്ളപ്പോൾ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ വച്ച് പരിശീലനം നടത്തിയതിന് ലക്ഷക്കണക്കിന് രൂപയുടെ അധികചെലവ് ഉണ്ടായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പാഠപുസ്തക വിതരണം സി-ആപ്റ്റിനെ ഏല്പിച്ചതാണ് കാലതാമസത്തിന് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പൺ സ്കൂൾ രണ്ടാം വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ കോൺടാക്ട് ക്ലാസ്സുകൾ 24-7-2015 മുതലാണ് ആരംഭിക്കുന്നത്. ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് പഠന സഹായികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) പഠനസഹായി തയ്യാറാക്കുന്നതിനുള്ള ശില്പശാലയ്ക്ക് ഇതേവരെ 17,30,455 രൂപ ചെലവായിട്ടുണ്ട്. സിലബസ് പരിഷ്കരണത്തിന്റെ ഫലമായി മാറുന്ന പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ മാത്രമേ പാഠപുസ്തകത്തെ ആധാരമാക്കി ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസഹായികൾ തയ്യാറാക്കുന്ന ജോലികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഓപ്പൺ സ്കൂൾ കോൺടാക്ട് ക്ലാസ്സുകൾ ആരംഭിക്കുന്ന സമയത്ത് പഠനസഹായികൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതാണ്.

(സി) കേരള സ്റ്റേറ്റ് ഓപ്പൺസ്കൂളിന് ഗസ്റ്റ് ഹൗസോ, ടെയിനിംഗ് സെന്ററോ ഇല്ല. ഗസ്റ്റ് ഹൗസും ടെയിനിംഗ് സെന്ററും എസ്.സി.ഇ.ആർ.ടി.യുടേതാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.-യുടെ പ്രോഗ്രാമുകളും ടെയിനിംഗുകളും കാരണം ഗസ്റ്റ് ഹൗസിൽ സൗകര്യമില്ലാതിരുന്ന സാഹചര്യത്തിൽ ഓപ്പൺ സ്കൂൾ ശില്പശാലകൾ, പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥവും ടി.എ./ഡി.എ. ഇനത്തിൽ വരുന്ന ചെലവ് കഴിവതും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുമാണ് മറ്റ് ജില്ലകളിൽ വച്ച് നടത്തിയത്.

LIBRARY ARCHIVES Kerala.Legislative Assembly

(ഡി) ഓപ്പൺസ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠപുസ്തകമില്ല. റഗുലർ ഹയർസെക്കന്ററി പാഠപുസ്തകങ്ങളാണ് ഓപ്പൺസ്കൂൾ വിദ്യാർത്ഥികളും ഉപയോഗിക്കുന്നത്.

ഹയർസെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ

42 (5111) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ. (ആർ.റ്റി) 5567/14 തീയതി 15-12-2014 പ്രകാരമുള്ള ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ സംബന്ധിച്ച ഉത്തരവിന്റെ തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽ ഉത്തരവിന്മേലുള്ള വകുപ്പുതല നടപടികൾ പൂർത്തിയായോ ; ഈ ഉത്തരവിന്റെ മുൻകാല പ്രാബല്യം ഏത് തീയതി മുതൽക്കാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) മേൽ ഉത്തരവിൻപ്രകാരം എത്ര ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ജി.ഒ.(ആർ.റ്റി) 5567/14 തീയതി 15-12-2014 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലെയും ഹയർസെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി അറ്റൻന്റ്റ് ടെസ്റ്റ് വിജയിക്കാത്ത, ഉത്തരവ് തീയതിവരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 168 ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധിയൊന്നും എടുത്തിട്ടില്ല എങ്കിൽ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതിമുതൽ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ടുവർഷം പൂർത്തിയാകുന്ന തീയതി മുതൽ പ്രാബല്യം ലഭിക്കുന്നതാണ്.

(സി) ലബോറട്ടറി അറ്റൻന്റ്റ് ടെസ്റ്റ് വിജയിക്കാത്ത 15-12-2014 വരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly